# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 13**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടൊൽ നിങ്ങൾക്ക് വാഴ്വ്.*

**കർത്താവിൽ വാത്സല്യമുള്ളവരേ,**

1968-ൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായാൽ ആരംഭിക്കപ്പെട്ട ഭു-ഭവനദാന പ്രസ്ഥാനം ഇപ്പോൾ ഫലവത്തായ 52 വർഷം പൂർത്തിയാക്കിയിരിക്കുന്നു. വാസയോഗ്യമായ ഭവനമില്ലാതെ കഷ്ടതയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുക എന്ന പദ്ധതിയാണ് സഭയായി വിഭാവന ചെയ്തിരിക്കുന്നത്. കേരളത്തിലും ഇതര സംസ്ഥാനങ്ങളിലുമായി ജാതിമത ഭേദമെന്യേ ഏകദേശം 8500-ൽപരം ഭവനങ്ങൾ നിർമ്മിച്ചു നൽകി. അതിൽ വസ്തുവും ഭവനവുമില്ലാതെ ദുരിതമനുഭവിക്കുന്ന 98 സഹോദരങ്ങൾക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് സഹായം നൽകുവാൻ കഴിഞ്ഞു.

2021 മെയ് മാസം 2-ാം തീയതി "ഭൂ-ഭവനദാന ഞായറാഴ്ചയായി" നാം വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസം ശുശ്രൂഷാ മദ്ധ്യേ കവറുകളിൽ ഉൾപ്പെടെ ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനും, ഇതിനായി ലഭിക്കുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. കഴിഞ്ഞ വർഷങ്ങളിൽ ഈ പ്രവർത്തനങ്ങൾക്കു വിവിധ രീതിയിൽ നേതൃത്വവും സഹായവും സഹകരണവും നൽകിയ എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും നിർലോഭമായ സഹായസഹകരണങ്ങൾ സ്നേഹത്തോടെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുന്നത് യാഥാർത്ഥ്യമാകുന്നതിനായി സന്തോഷത്തോടെ കൊടുക്കാം, പ്രവർത്തിക്കാം.

*"എന്റെ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 25: 40)*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 മാർച്ച് 8-ാം തീയതി

Theodosius
Malabar

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR.THEODOSIUS MAR THOMA**

**Circular No. 13**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The "Bhoo-Bhavana Dana" movement (gift of land and house) initiated by Dr.Juhanon Mar Thoma Metropolitan in 1968 has now completed 52 fruitful years. The Church, through this project, envisages to build and provide houses to our fellow beings who suffer due to lack of proper housing. Around 8500 houses have been constructed and given to the needy ones irrespective of caste & religion in Kerala and other states outside Kerala. Of which the church could help 98 fellow beings who were in distress for want of property or house to buy plots and build houses.

We have set apart 2nd May 2021 as the "Bhoo-bhavana Dana" Sunday. Office-bearers of Parishes must ensure that the entire offertory received during the service on Sunday, 2nd May, both in special envelopes and otherwise any other contributions specially received for this purpose, are promptly remitted to the Sabha Office. We praise God for all who have given leadership, assistance and co-operation in various ways in these activities in the past and solicit everyone's generous help and co-operation.

Let us gladly give and act, so that the dream of a house may become a reality not just for a few, but for all.

*"... Truly I tell you, just as you did it to one of the least of these who are members of my family, you did it to me"* (Matthew 25:40)

Grace be with you all.

Dated 8th March 2021 from the Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**